**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 112** **12-01-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ അകാരണമായ കാലതാമസം നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ 01.04.2019 മുതൽ 15.10.2019 വരെ (ഹെഡ് ക്വാർട്ടേഴ്സ് ഉൾപ്പെടെ) എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകൾ ഒന്നും ഉണ്ടായിരുന്നില്ല. |
| (സി) | ഈ കാലയളവിൽ ജില്ലയിൽ നിലവിലുണ്ടായിരുന്ന രണ്ട് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത തീയതിയും കത്തിന്റെ പകർപ്പും ലഭ്യമാക്കാമോ; | (സി) | പ്രസ്തുത കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകൾ ഒന്നും ഉണ്ടായിരുന്നില്ല. |
| (ഡി) | പ്രസ്തുത തസ്തികയിൽ എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തത്; കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | പ്രസ്തുത കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകൾ ഒന്നും ഉണ്ടായിരുന്നില്ല. |
| (ഇ) | പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഏത് വർഷം മുതലാണ് നിയമനം നടത്തിയിട്ടുള്ളത്; ഡെപ്യൂട്ടേഷൻ കാലാവധി ഏറ്റവും ഒടുവിൽ എന്നാണ് ദീർഘിപ്പിച്ചു നൽകിയത്; വിശദമാക്കാമോ; | (ഇ) | ഇല്ല. |
| (എഫ്) | പ്രസ്തുത തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് കെ.എ.ടി.യിൽ നിലവിലുള്ള ഒ.എ.2267/2019 നമ്പർ കേസിന്മേൽ ട്രൈബ്യൂണൽ ആവശ്യപ്പെട്ട വിവരം നാളിതുവരെയും ലഭ്യമാക്കാൻ കഴിയാത്തതിന്റെ സാങ്കേതിക കാരണം വിശദമാക്കാമോ; | (എഫ്) | വിവരങ്ങൾ അഡ്വക്കേറ്റ് ജനറൽ ഓഫീസ് മുഖേന യഥാസമയം ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ജി) | പ്രസ്തുത കേസ് മാറ്റി വയ്ക്കുന്നതിലേക്കായി പോലീസ് വകുപ്പ് ട്രൈബ്യൂണലിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണയാണ് ആവശ്യപ്പെട്ടത്; കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഈ തസ്തികയിലേയ്ക്ക്, കാറ്റഗറി നമ്പർ 130/2012 പ്രകാരം എന്നത്തേയ്ക്ക് നിയമനം നടത്താൻ സാധിക്കും എന്നറിയിക്കാമോ; വിശദാംശം നൽകുമോ? | (ജി) | ഇല്ല. കേരള പോലീസിൽ Entry Cadre-ൽ CA Gr.II വിഭാഗത്തിൽ ആകെ 28 തസ്തികയാണുള്ളത്. വകുപ്പിൽ നിലവി ലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് ഈ തസ്തികയുടെ 50 ശതമാനം തസ്തികകൾ പി.എസ്.സി വഴി നേരിട്ടുള്ള നിയമനത്തിലൂടെ നികത്തേണ്ടത്. അപ്രകാരം നേരിട്ട നിയമനം നടത്തുവാൻ കഴിയുന്ന ഒഴിവു വരുമ്പോൾ നിയമന ശിപാർശ പി.എസ്.സി-ക്ക് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ